LIBRARY ARCHIVES Kerala Legislative Assembly

സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി

307 (3941) ശ്രീ. പി. സി. ജോർജ് :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് തീയേറ്ററുകളോട് ചേർന്ന് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് എപ്രകാരമാണ് വിഭാവനം ചെയ്തിട്ടുള്ളത് ; വിഭവ സമാഹരണം എപ്രകാരമാണ്; വിശദാംശങ്ങൾ നല്കുമോ ;

(സി) പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുന്നതിന് ഇതുവരെ കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് തീയറ്റർക്കോട് ചേർന്ന് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്ന പദ്ധതി പരിഗണനയിലില്ല.

തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിലെ സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണം

308 (3942) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിൽ അനുവദിച്ച സിന്തറ്റിക്ക് ടർഫ് ഗ്രൗണ്ട് നിർമ്മാണ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ-നടക്കാവ് വലിയ കൊയ്യൽ മൈതാനിയിൽ അനുവദിച്ച സിന്തറ്റിക് ടർഫ് ഗ്രൗണ്ട് നിർമ്മാണ പ്രവർത്തനത്തിനായി ന്യൂഡൽഹി ആസ്ഥാനമായ M/s ശിവനരേശ് സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡുമായി 20-10-2014-ൽ, പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ നാഷണൽ ഗെയിംസ് സെക്രട്ടേറിയറ്റ് കരാർ ഒപ്പിട്ടിട്ടുണ്ട്. 2014 ഡിസംബർ ആദ്യവാരമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത്.